No. CEE/5500/2017/KEAM-2018/TA1


**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**


## വിജ്ഞാപനം

## KEAM -2018

# 2018– ലെ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം

## പുതുതായി ഉൾപ്പെടുത്തിയ ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ ഡെന്റൽ കോളേജുകളിലെ ന്യൂനപക്ഷ (മൈനോറിറ്റി) ക്വാട്ടയിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷിച്ചവരുടെ പുതുക്കിയ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കോഴിക്കോട് മുക്കം കെ.എം.സി.റ്റി മെഡിക്കൽ കോളേജ് എന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിലെയും ഇടുക്കി തൊടുപുഴ അൽ അസ്ഹർ ദന്തൽ കോളേജ് എന്ന സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജിലെയും ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷിച്ചിരുന്ന അപേക്ഷകരുടെ താത്കാലിക കാറ്റഗറി ലിസ്റ്റ് 23.07.2018 ന് പ്രസിദ്ധീകരിച്ചിരുന്നു. ലിസ്റ്റ് സംബന്ധമായ പരാതികൾ ഉള്ള പക്ഷം അവ **25.07.2018 ഉച്ചയ്ക്ക് 1 മണി**യ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. നിശ്ചിത സമയത്തിനകം ലഭിച്ച പരാതികൾ പരിഗണിച്ച ശേഷമുള്ള പുതുക്കിയ കാറ്റഗറി ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പ്രത്യേക ശ്രദ്ധയ്ക്ക്: മേൽപ്പറഞ്ഞ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും മെഡിക്കൽ & അനുബന്ധ കോഴ്സുകളിലെ രണ്ടാം ഘട്ട അലോട്ട്മെന്റിന് മുൻപായി **11.08.2018 രാവിലെ 10 മണി**വരെ ലഭ്യമാകുന്ന ഓപ്ഷൻ രജിസ്ട്രേഷൻ സമയത്ത് ഈ കോളേജുകളിൽ മറ്റു വിദ്യാർത്ഥികളെപ്പോലെ ഓപ്ഷനുകൾ നൽകിയിരിക്കണം. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ അവർ ന്യൂനപക്ഷ വിഭാഗം കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പോലും അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

Santhosh Kumar

തിരുവനന്തപുരം
07.08.2018

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**